32

# പാലിയം ധർമ്മസമരം.

~~34737~~

അംബികാദാസ്

# പാലിയം ധർമ്മസമരം.

34737

3634

ഗ്രന്ഥകർത്താ

അംബികാദാസ്

THE KERALA BHANU BOOK DEPOT
COCHIN STATE.
PUDUKAD.

പ്രസാധകന്മാർ

കേരളഭാനു ബുക്കുഡിപ്പോ

പുതുക്കാട്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

മലബാർ പ്രിൻറിംഗ് ഹൌസ്, പുതുക്കാട്.

1123 മകരം. വില 5ണ.

# സമർപ്പണം

ഇരുളിൽനിന്നു "വെളിച്ചത്തിലേക്കു്" കുതിക്കുന്ന—

ജാതിക്കും അനാചാരങ്ങൾക്കും എതിരായി സമരംചെയ്യുന്ന—

ലോകത്തിന്നു "വെളിച്ചം പ്രദാനംചെയ്ത"
ആ ലോകഗുരുവിന്റെ മഹനീയ സന്ദേശം പരത്തുന്ന—

ആ പാലിയം റോഡിലെ കർമ്മോന്മുഖരായ
സത്യാഗ്രഹികളുടെ മുമ്പിൽ,

എന്റെ വിപ്ലവഗാനം സമർപ്പിച്ചുകൊള്ളുന്നു.

പുതുക്കാട്
22—5—1123.

ജയ്ഹിന്ദ്!!!

3634

## ഒന്നു്

അലറുകയാണിന്നു പാലിയം റോഡിൽ നി-
ന്നവശ സമുദായഗർജ്ജനങ്ങൾ,
തല കൊയ്തുകൊയ്തെടുത്തീടുകയാണിന്നു
വലിയവർ തൻ നീതിക്കൈവാളുകൾ;
കുരുതികഴിക്കുകയാണവരീശ്വര
സവിധത്തിൽ സഹജാത ജീവികളെ;
പതറാത്ത ഹൃദയങ്ങൾ, സമരാങ്കണത്തിൽ പി-
ന്തിരിയാത്ത വീരന്മാർ, ചൈതന്യങ്ങൾ,
അടിയേററാൽ തളരാത്തോർ, ചെന്നിണ്ണമൊഴുകുമ്പോൾ
പിടയാത്തോർ, കേരളകേസരികൾ,
കുതികൊൾകയാണിന്നു ജടിലമാംജാതിതൻ-
റ്റേടുംകോട്ട തച്ചു തകർത്തിടുവാൻ
ഇരുളിനെ കീറിക്കൊണ്ടവിടെനിന്നായിരം-
കിരണങ്ങളൊരുമിച്ചങ്ങുയരുകയായ്
ചപലങ്ങൾ സാത്താന്റെ പ്രലപനം, ജാതിതൻ
നിയമങ്ങൾ പൊട്ടിത്തകർന്നിടുന്നു,
ഉയരുന്നുയരുന്നു, പാലിയംറോഡിൽ നി-
ന്നവശ സമുദായ ഗർജ്ജനങ്ങൾ

## രണ്ട്

പാലിയത്തച്ചൻ വാഴും കൊട്ടാരം ചുററിപ്പോകും
പാതയാണിതു, ദൈവനീതിതൻ കരിംപാത
മർദ്ദിതസഹസ്രത്തിൻ രക്തത്താൽ പരിപൂത-
മിപ്പൂഴിമണ്ണിന്നേകൂ, നീയൊരു നമോവാകം!
ഇവിടെ കിടക്കുന്നുണ്ടായിരം നെടുവീർപ്പിൽ
തകരും ഹൃദയങ്ങ,ളഭിമാനോജ്വലങ്ങൾ;
ആ രക്തവർണ്ണത്തോടും പൊലിയാത്താരങ്ങളാ-
യാനീലാംബരത്തിങ്കൽ മിന്നുന്നുണ്ടനേകങ്ങൾ;
അദ്വൈതസിദ്ധാന്തത്തിൻ ജന്മഭൂമിയിൽ, ജാതി
മർദ്ദനം പുലരുന്നുണ്ടിപ്പൊഴുമനേകങ്ങൾ;
ബീഭത്സനൃത്തം ചെയ്‌വൂ, "കേരളഭ്രാന്താലയ"-
ഭൂമിയിൽ, പൈശാചികമൂർത്തികളനേകങ്ങൾ;
കണ്ണുനീരൊഴുക്കാതെ, പോരാടിത്തളരാതെ,
നിന്നുകൊണ്ടവരങ്കംവെട്ടുന്നു, പതിതന്മാർ
ബൂട്ട്സിൻെറ ചവുട്ടിലും കോൾമയിർക്കൊണ്ടീടുന്നു,
തീക്ഷ്ണമാം സ്വാതന്ത്ര്യത്തിന്നാവേശമുൾക്കൊള്ളുന്നു
എത്രകാലമായ് നിന്നു സഹനസമരം ചെ-
യ്തൊക്കെയും പിന്നിട്ടവരുജ്ജ്വലിച്ചീടുന്നിതു
ആലിലയ്ക്കൊപ്പം വിറച്ചീടുകയാണിന്നു, മി-
പ്പാലിയം, നെടുവീർപ്പിൻ മന്ദ്രകാഹളത്താലേ!

# മൂന്ന്

ആയിരമായിരം ജീവിതങ്ങ-
ളീ ജാതിദുർഭൂതം തിന്നൊടുക്കി,
മർത്ത്യനേ മർത്ത്യനിൽ നിന്നകററി,
കത്തിയും വാളുമായ് പോർനടത്തി,
സ്നിഗ്ദ്ധസാഹോദര്യസുസ്മിതങ്ങൾ
പട്ടടച്ചെന്തീയിൽ ചുട്ടെരിച്ചു,
ജീവിത,മോമനപ്പൂവിരിയും
ജീവിതം, വേദനയ്ക്കുള്ളിലാഴ്ത്തി,
പാവനസന്ദേശ വാഹികളാ-
പ്പാതയിൽ വീണിതു മർദ്ദിതങ്ങ-
ളീ തുപ്പും തോക്കിനു നേർക്കുനിന്നു
മാറിടം കാട്ടിക്കേതിച്ചിടുവോർ,
തുവിയപ്പെന്നപോൽ മെയ്യിൽനിന്നും
ചോരതുടച്ചു കളഞ്ഞിടുവോർ,
ഇന്നുമുണ്ടായിരമായിര മി-
പ്പോരിനു മുന്നോട്ടുവന്നിടുന്നോർ.

# നാല്

പോരും പോരും നിൻ സാഹസമെല്ലാം
പോരിന്നായൊരുങ്ങീടുക വേഗം.
നിത്യം നീ ചെയ്ത മർദ്ദനമോരോ-
പ്രത്യാഘാതമായ് തീർന്നവർ ഞങ്ങൾ;
രക്തമൂററി കുടിക്കുകമൂലം
അസ്ഥിപിണ്ഡമായ് തീർന്നവർ ഞങ്ങൾ;
വിത്തപ്രാഭവപ്പട്ടടത്തീയിൽ
ദഗ്ദ്ധരായിക്കഴിഞ്ഞവർ ഞങ്ങൾ;
ജാതിപ്പേപിടിച്ചംഗങ്ങളെല്ലാം
ഓരോന്നായി മുറിഞ്ഞവർ ഞങ്ങൾ
ജീവസ്സററു നശിച്ചവരല്ലാ
ജീവിച്ചീടുവോർ, വിപ്ലവത്തിന്നായ്.
പാടും ഞങ്ങളി,'ന്നിങ്കുലാബ്', സിന്ദാ-
ബാദെ'ന്നുള്ളൊരാമന്ത്രസംഗീതം,
വീറോടേററുപൊരുതിടും ഞങ്ങൾ,
കൂറില്ലാത്തൊരിക്കൂട്ടരോടെല്ലാം.
പോരും പോരുമീ സാഹസമെല്ലാം
പോരിന്നായൊരുങ്ങീടുകവേഗം!

# അഞ്ച്

പാലിയത്തച്ഛൻെറ കൊട്ടാരപ്രാഭവം
ഭേദിക്കും മേഘധ്വനിമുഴങ്ങി.
നൂറുകോലപ്പുറത്തിന്നലെ നിന്നവർ
വീറോടടുത്തുപോയ് പോരിന്നായി.
പട്ടിണിപ്പാവങ്ങൾ, ചൂഷണച്ചൂളയിൽ
നിത്യവും നീറിനശിച്ചീടുവോർ,
തമ്പ്രാൻെറമെയ് തടിപ്പിക്കുവാൻ, തൻ രക്ത-
ബിന്ദുക്കളൂററിക്കൊടുത്തീടുവോർ,
'ഇങ്കുലാബ് സിന്ദാബാ'ദെന്നൊരതിദിവ്യ-
മന്ത്രം ജപിച്ചിടും കർമ്മവീരർ,
തോളോടുതോൾ ചേർന്നു, കൈകോർത്തു പാടി, തൻ
ശ്വാണനും പ്രാണനും ചേർന്നിണങ്ങി,
ജീവിതാവശ്യം പിടിച്ചുപററീടുവാൻ
പോർവാശിയോടവരെത്തിപ്പോയി.
പോയൊളിച്ചീടേണ്ടാ, ജാതിവൈശിഷ്ട്യമേ,
നീയാ കനകക്കുമ്പാരങ്ങളിൽ
നിർദ്ദയം നീ ചെയ്ത മർദ്ദനമോരോന്നു-
മാത്തിരമ്പീടുന്നി, 'തിങ്കുലാബാ'യ്!

# ആറ്

മരണകാഹളം നീ മുഴക്കീടുകെൻ
കുടിലജാതി പ്രഭുത്വ വിലാസമേ,
വരുകയായിതാ മർത്ത്യസിംഹങ്ങൾ, നിൻ
തലയറുക്കുവാൻ കാമിച്ചടുക്കുവോർ
നര, നശ്ശുദ്ധിയാണത്രേ, സഹോദര-
പ്പരിഷയേയൊന്നു തൊട്ടുപോയീടുകിൽ!
കുറുനരികൾ ചരിക്കും വഴികളിൽ,
കൃമികളങ്ങിങ്ങിഴയും വഴികളിൽ,
അരുതുപോലു,മവിവേകമാണു പോ-
ലവർ നടക്കുകിൽ, സ്വന്തം സഹോദരർ!
അരുളു തമ്പുരാൻ മെയ് കഴുകീടുമാ-
ജലമൊരിത്തിരി ദാഹം കെടുക്കുവാൻ
അഹഹ വിസ്മയം ഭ്രാന്തചാപല്യമേ,
അരുതിതൊക്കെയും കണ്ടിരുന്നീടുവാൻ
സമയമായി, സഹനസമരത്തിൻ
സമയമായി, മുഴങ്ങുന്നു കാഹളം!
തിരിയുകില്ലിവർ പിന്നോക്കം,മാർത്തടു-
ത്തടരിലെല്ലാം നശിപ്പിക്കുമുഗ്രമായ്!

## ഏഴ്

അപ്പടിവാതില്ക്കൽ നി,ന്നങ്ങതാമുഴങ്ങുന്നി-
തത്ഭുതം, ഘണ്ടാനാദ,'മിങ്കുലാബ് സിന്ദാബാ'ദായ്
അച്ഛൻെറ കണ്ണങ്ങളിൽ മറെറാലിക്കൊണ്ടു, ചിത്ത-
മത്ത്യുച്ചംമിടിച്ചുപോയ്, ഹൃദയം സ്തംഭിച്ചുപോയ്.
അസ്ഥികൾ ചിരിക്കുന്നു, മാംസങ്ങൾ പൊടിക്കുന്നു
ധിക്കാരം സഹിക്കാതെ ജീവിതമലറുന്നു.
സ്പന്ദിക്കും ഭയാനകമസ്ഥിമാടങ്ങൾ ജീവ-
ചൈതന്യപ്രദീപങ്ങളുജ്വലിച്ചീടുന്നിതു
ഒക്കെയും ഭയങ്കര, മുജ്വലം ചിന്താവഹ-
മൊക്കെയും ഗ്രസിക്കുന്ന കല്പാന്തകോലാഹലം
കേൾക്കയാണതിന്നുള്ളിൽനിന്നൊരു സിംഹനാദം
“പോക്കളും പുക്കീടുവി,നക്രമിപ്രഭുക്കളേ,
ഒക്കക്കും ഞങ്ങൾ ജാതിക്കോട്ടയേ, വെണ്ണീറാക്കി-
ച്ചുമക്കും മാമൂലിനേ, വരിക്കും സ്വാതന്ത്ര്യത്തേ.”

# എട്ട്.

ആവേശമുററിത്തിങ്ങിവിങ്ങിട്ടു്മിക്കലാ-
ബാ'വിഷ്കരിക്കുന്ന സന്ദേശസൌരഭം;
മർത്ത്യൻെറ ചൈതന്യപൌരുഷമാലികൾ
മാററൊലിക്കൊണ്ടീടുമാ വേണു നിസ്വനം;
ആർഷസനാതന ഭാരതമാതിൻെറ
ഭാസുരകണ്ഠം പൊഴിച്ച ശംഖധ്വനി;
വഞ്ചനകൊണ്ടു നിറംപിടിച്ചീടാത്ത
മഞ്ജുളരംഗപ്രപൂരിതഗീതകം;
പാലിയത്തച്ഛൻെറ കുഞ്ഞമ്മമാരവർ-
ക്കാവേശനിർഭരത്തൈത്തെന്നലായിപോൽ;
ആ മധുരാസവമാദകലബ്ധിയാൽ
പാടിനാരാനന്ദഗീതകം സസ്പൃഹം.
നോക്കിനിന്നൂ തരുക്കൂട്ടം, പ്രകമ്പിത-
മൂർദ്ധാവിൽ നിന്നിററുവീണു കണ്ണീർകണം.

34737 3634
KOTTAYAM PUBLIC LIB. KOTTAYAM.

## ഒമ്പതു്

ജാതിജാതിയെന്നോതുന്നതെല്ലാം
നീതികേടിന്റെ പര്യായമത്രേ;
മർത്ത്യൻ മർത്ത്യനേകൊന്നൊടുക്കീടാൻ
മാത്രം നിർമ്മിച്ച തന്ത്രമാണത്രേ,
കഷ്ടം, നിത്യനരകത്തിലാഴ്ത്തും
ക്ഷുദ്രകർമ്മവിപാകമാണത്രെ;
കാലചക്രത്തിൽ പററിപ്പിടിക്കും
മാലിന്യത്തിന്റെ കേദാരമത്രെ;
നിത്യം മർത്ത്യനിൽ ഗൂഢമായ് കാണും
ശുദ്ധസ്നേഹത്തിൻ മർദ്ദനമത്രെ;
കഷ്ട,മീശ്വരസ്നേഹഹൃദന്തം
കുത്തിക്കീറിടും ക്രൂരമ്പാണത്രെ;
നാകംതീർക്കേണ്ട ലോകത്തിലല്ലീ,
നാരകത്തീവളർത്തുന്നു മർത്ത്യൻ
ബുദ്ധദേവനെ പെററൊരുനാട്ടിൽ
കത്തിക്കുത്തുകളാണിന്നു കാണ്മൂ.
ചുററും നാമൊന്നു നോക്കുന്നനേരം
ആകെക്കൂടി നാം കാണുന്നനേരം,
ജാതിജാതിയെന്നോതുന്നതെല്ലാം
നീതികേടിന്റെ പര്യായമത്രെ!

34731

## പത്തു്

വഴിവക്കിൽ, വഴിവക്കിൽ വീണുകിടന്നീടും
സമരത്തിൻ സന്നദ്ധഭടരെയെല്ലാം,
തെളിവിൻെറകതിർ തൂകിത്തടവിക്കൊണ്ടണയുമ-
ക്കുളിരണിത്തെന്നലിൻ ഹൃദയംപോലും
ഉരുകിപ്പോ,യുരുകിപ്പോ,യതിനീചം പോലീസിൻ
ഹൃദയവിശൂന്യമാം മർദ്ദനത്തിൽ.
അപവാദം ചെയ്യാത്തോ,രവിവേകത്തിൻ നേർക്കോ-
രതിശാന്ത നിശ്ശബ്ദസമരം ചെയ്വോർ
തലകൊയ്യും തടിയന്മാർക്കരികിൽ നി,ന്നാ'ലോക-
ഗുരു'വിൻെറ സന്ദേശം വിതറിടുവോർ,
ചതിയന്മാ,രധികാരക്കൊതിയന്മാർ തന്നഹം-
കൃതിയോടു പടവെട്ടും കർമ്മവീരർ
അടിയേററു പൊടിമണ്ണിലവശരായ് വീണപ്പോ-
ളിടനെഞ്ഞുപൊട്ടിപ്പോയ് മൺതരികളും!
പകലിനെ ചുംബിക്കും കതിരോൻെറ കരളിലും
പ്രതികാരവാഞ്ഛ പൊടിഞ്ഞുപോയി.
അവിവേക,മവിവേക,മീശ്വരൻ തൻ പേരി-
ലറിവുള്ളോർ ചെയ്തീടുമക്രമങ്ങളും!

# പതിനൊന്നു്

കേരളം, ഹാഹാ കേരളം, ഭാഗ്യ-
കേട്ടാരം മനോമോഹനം,
ശങ്കരാദ്വൈതനന്ദനം, പ്രേമ-
ബിന്ദു വീഴ്ത്തീടും ജീമൂതം,
ജീവിതം പരജീവിതത്തിന്നായ്
കാഴ്ചവെച്ചീടും കേരളം,
ചുട്ടെരിക്കയാണിന്നു നീ, ജാതി-
ശ്രേഷ്ഠതേ, നിൻ തീച്ചൂളയിൽ!
നീഞെരിക്കയാണിന്നു, നിൻ സഹ-
ജാതർതൻ മഞ്ജുജീവിതം.
വാർന്നൊലിച്ചിടും ചെന്നിണം കുടി-
ച്ചാർത്തിരമ്പുകയാണു നീ
മർത്ത്യനിൽനിന്നും മർത്ത്യനേ ദൂര-
ത്താക്കിട്ടു,മനാചാരങ്ങൾ,
കേവലം ഭ്രാന്തസങ്കേതമാമി-
ക്കേരളാചാര നീതികൾ;
നീതികൾ, ദുഷ്ടനീതികൾ, ജാതി-
പ്പേപിടിച്ചീടും നീതികൾ,
എത്രകാലമായ് മർത്ത്യതേ, നിന്നേ-
മട്ടിച്ചീടുന്നു, നിർദ്ദയം!

## പന്ത്രണ്ട്

തകൎത്തിടേണം നമ്മേതടയും കോട്ടകളെല്ലാം നാം;
മുഴക്കിടേണം വിപ്ലവഗാനം കേരളമെങ്ങും നാം;
ഒഴുക്കിടേണം സഹജീവികളിൽ സ്നേഹമരന്ദം നാം;
പുഴക്കിടേണം കടയൊടുകൂടി പൂൎവ്വാചാരം നാം;
കടന്നിടേണം സ്വാതന്ത്ര്യത്തിൻ നന്ദനഭൂവിൽ നാം;
നടുങ്ങിടേണം മേൽജാതികൾ തന്നുറച്ചധിക്കാരം;
ഒടുക്കിടേണം മൎദ്ദനമഖിലം ജ്വലിച്ചവീൎയ്യത്താൽ;
അടക്കിടേണം ഭാരതമഖിലം വിശിഷ്ടരാഗത്താൽ;
രചിച്ചിടേണം കേരളചരിത്രം ശോണിതവൎണ്ണത്താൽ;
ജ്വലിച്ചിടേണം കേരളവീൎയ്യം സമസ്തലോകത്തിൽ!

KOTTAYAM PUBLIC LIBRARY
KOTTAYAM.

## പതിമൂന്ന്

പാലിയംറോഡേ, തൊഴാം ജാതിതന്നാചാരങ്ങൾ-
ഭേദിക്കുമവശർ തന്നാത്മവീര്യമേ, തൊഴാം
സഹനസമരത്തിൻ കാഹളം മുഴക്കിനി-
ന്നഹിംസാവ്രതം ദീക്ഷിച്ചീടുംനിൻ ചരിതങ്ങൾ,
ആവേശമുൾക്കൊള്ളിക്കുമത്ഭുതതരംഗങ്ങ,ളീ-
ജീവിതം പഠിക്കേണ്ടുമുജ്ജ്വലപ്രമാണങ്ങൾ,
ചക്രവാളത്തേ ഭേദിച്ചലറും ഭവദീയ-
വിക്രമത്തിന്നു മുമ്പിൽ കൂപ്പുകൈ ജന്മ ഭൂവേ!
ജീവിതം ഭേദിക്കുമ്പോ,ളൊഴുകിച്ചാടും കടും
ശോണിതംകൊണ്ടു തീർക്കും 'നാളേ'ക്കെൻനമോവാകം
പാലിയംറോഡേതൊഴാം ജാതിതന്നാചാരങ്ങൾ
ഭേദിക്കുമവശർ തന്നാത്മവീര്യമേ, തൊഴാം.

# പതിന്നാല്

ഞങ്ങളക്ഷരജ്ഞാനമില്ലാത്തവർ;
ഞങ്ങളാചാര ശീലമില്ലാത്തവർ;
പട്ടിണിയിൽ കിടന്നുതകരുവോർ;
പട്ടണപ്പരിഷ്ക്കാരമില്ലാത്തവർ;
സ്വേദബിന്ദുക്കൾകൊണ്ടു ജീവിപ്പവർ;
കൂലിയില്ലാതെ ജോലിചെയ്യുന്നവർ;
മർദ്ദനത്തിൽഞെരിഞ്ഞുതകരുവോർ;
കഷ്ടതയിൽ മനം തകർന്നീടുവോർ;
ഹാ, കറുത്തവർ തീണ്ടലുള്ളോർ, വെറും
പ്രാകൃതന്മാരവശ,രധഃകൃതർ;
എങ്കിലും സിരാചക്രത്തിലോടുവ-
തുണ്ടു പൂർവ്വികവീരർ തൻ ശോണിതം.

~~347377~~

3634

## പതിനഞ്ച്

സമയമായി സമയമായി സമരചതുരരേ,
സഹനസമരസമയമായി സമരചതുരരേ,
മാറുകാട്ടി പോർക്കളത്തിൽ വന്നുചേരുവിൻ
വാളുമുഗ്രവീര്യ്യമോടും വന്നുചേരുവിൻ!

*　　　*　　　*

സമയമായി സമയമായി സമരചതുരരേ,
സഹനസമാസമയമായി സമരചതുരരേ!

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM. 3634

Cl No. MA10 Acc. No. ~~34737~~

This book should be returned on or before the date last stamped below.

26 FEB 1977

3634
MA10 ~~3/137~~
MA10
അംബികാദാസ്
പാലിയം ധർമ്മസമരം
3634
~~3/137~~

# ചിത്രഭാനു

പത്രാധിപർ

കെ. ആർ. ഭാസ്കരൻ.

പൊതുജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെപററി കേരളത്തിലെ പ്രധാന ലേഖകന്മാർ എഴുതുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരുൽകൃഷ്ടമാസിക. ചെറുകഥകളും. രസികൻകവിതകളും നല്ല പടങ്ങളും ഓരോ ലക്കത്തിലും ഉണ്ടായിരിക്കും.

## വാർഷികവരിസംഖ്യ

അഞ്ചലിൽ 3ക.

തപാലിൽ 3ക 8ണ.

## പരസ്യക്കൂലി

1തവണ 1പേജിനു 40ക.

ഏജണ്ടുമാരെ ആവശ്യമുണ്ട്

മാനേജർ

**ചിത്രഭാനു.**

പുതുക്കാട്.